ഈ വർഷത്തിലും ട്രൈബൽ ഏരിയ വൈദ്യുതീകരിക്കുന്നതിനും ആ പ്രദേശത്ത് റോഡില്ലാത്ത സ്ഥലങ്ങളിൽ റോഡ് വെട്ടുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇതു സംബന്ധിച്ച് പ്രത്യേക നോട്ടീസ് വേണം.

ഹരിജനങ്ങൾക്കുള്ള ഗ്രാൻറ് വിതരണം

* 626 [683] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, ചടയൻ ഗോവിന്ദൻ:
,, പി. കരുണാകരൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ:
,, എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ വെൽഫയർ വകുപ്പിൽ നിന്നും പട്ടികജാതിക്കാർക്ക് വിവിധ ഇനങ്ങളിലായി നൽകുന്ന ഗ്രാൻറുകൾ ഈ വർഷം വിതരണം ചെയ്തുവോ;

(ബി) ചെയ്തില്ലെങ്കിൽ ഏതേതു ജില്ലകളിലാണ് വിതരണം ചെയ്യാത്തതെന്നു വ്യക്തമാക്കുമോ;

(സി) ഗ്രാൻറുകൾ വിതരണം ചെയ്യാൻ കാലതാമസമുണ്ടാകുന്നതെന്തു കൊണ്ടാണെന്നു വ്യക്തമാക്കുമോ;

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) വിതരണം ചെയ്തു കൊണ്ടിരിക്കുന്നു. മിക്കവാറും ഗ്രാൻറുകൾ നൽകിക്കഴിഞ്ഞു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അപേക്ഷകൾ ക്ഷണിക്കുക, ആവശ്യമായ സാക്ഷിപത്രങ്ങൾ സമ്പാദിച്ചശേഷം അപേക്ഷകളിൻമേൽ അന്വേഷണം നടത്തുക, അതിനുശേഷം ജില്ലാ ഉപദേശക സമിതികൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക, തുടങ്ങിയ പല നടപടികളും കൈക്കൊള്ളേണ്ടതായിട്ടുള്ളതിനാലാണ് ഗ്രാൻറ് വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നത്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: പല പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും ഗ്രാൻറ് വിതരണം ചെയ്യുന്നതിനായി, ഗവൺമെൻറിൽ നിന്ന് ഗ്രാൻറ് കൊടുത്തതിനുശേഷവും പാവപ്പെട്ട പട്ടികജാതി—പട്ടികവർഗ്ഗക്കാരായ ആളുകൾക്കു കൊടുക്കുന്നില്ലെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതിനെതിരായി ഗവൺമെൻറ് കർശനമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ശരിയായിട്ടുള്ള നിലയിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തുകയാണെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചടയൻ ഗോവിന്ദൻ: വിതരണം ചെയ്തുകൊണ്ടിരിക്കുന്നുവെന്നാണ് മന്ത്രി പറഞ്ഞത്. പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞോയെന്നാണ് ചോദ്യം. ഈ വർഷം അവസാനിക്കാൻ പോവുകയാണ്. അതിനിടയിൽ വിതരണം ചെയ്തുകഴിഞ്ഞിട്ടില്ലെങ്കിൽ സംഖ്യ നഷ്ടപ്പെട്ടുപോകാനിടയുണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അത് പരിഹരിക്കുന്നതിനുവേണ്ടി ഈ വർഷംതന്നെ എത്രയും വേഗം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഈ വർഷംതന്നെ അത് വിതരണം ചെയ്യും.

ശ്രീ. പി. കരുണാകരൻ: പട്ടികജാതിക്കാർക്കു ഗ്രാന്റുകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നുവെന്നു പറഞ്ഞു. ഈ വർഷം ആകെ വിതരണം ചെയ്ത ഗ്രാന്റ് എത്രയാണ്; എത്രപേർക്ക് ആണ് കൊടുത്തത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതിന് പ്രത്യേക ചോദ്യം വേണം.

ശ്രീ. പി. കരുണാകരൻ: മിശ്രവിവാഹം നടത്തിയ ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം സഹായം നൽകുന്ന ഏർപ്പാട് ഉണ്ട്. വിവാഹം കഴിഞ്ഞ് മൂന്ന് കുട്ടികളായതിനുശേഷവും ഗ്രാന്റ് കിട്ടിയില്ലെന്ന് പരാതി മന്ത്രിക്ക് നൽകിയിരുന്നു. മൂന്നുകുട്ടികളായതിനുശേഷമെങ്കിലും ഈ സഹായം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതിൽ ബന്ധപ്പെട്ട ചില രേഖകളും തെളിവുകളും ഇല്ലാതിരുന്നതുകൊണ്ടാണ് കൊടുക്കാത്തത്.

ശ്രീ. എം. കെ. കൃഷ്ണൻ: ഗ്രാന്റുകൾ വിതരണം ചെയ്യുന്ന കാര്യത്തിൽ ആളുകളെ തിരഞ്ഞെടുക്കാനുള്ള കാലതാമസമുണ്ടെന്ന് പറഞ്ഞു. ഏതേത് ജില്ലകളിലാണ് ഇതുവരേയും സെലക്ഷൻ നടക്കാത്തതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: എല്ലാ ജില്ലകളിലും ഗ്രാന്റ് വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. പല ഗ്രാന്റുകളുണ്ട്. ചില പ്രത്യേക ഗ്രാന്റുകളെ സംബന്ധിച്ച് ചില തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: എല്ലാ ജില്ലകളിലും ഗ്രാന്റ് വിതരണം നടന്നുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. പാലക്കാട് ജില്ലാ കമ്മിറ്റിയുടെ മെമ്പറാണ് ഞാൻ. ആ അഡൈവസറി കമ്മിറ്റി 17.0 തീയതിയാണ്, വിവിധ ഇനങ്ങളിലുള്ള ഗ്രാന്റ് വിതരണം ചെയ്യാനുള്ള ആളുകളെ തിരഞ്ഞെടുക്കാനുള്ള കമ്മിറ്റിയോഗം വിളിച്ചത്. 17.0 തീയതി ചേർന്ന കമ്മിറ്റി യോഗത്തിനുശേഷം വിതരണം നടന്നോയെന്ന് അറിയില്ല. മാർച്ച് 17.0 തീയതിവരെ വിതരണം ചെയ്തിട്ടില്ല. എത്രയുംവേഗം വിതരണംചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അന്വേഷണം നടത്തിയിട്ട് ആവശ്യമായ നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന ഗ്രാന്റ് കൊടുക്കുന്നില്ലെന്നു മാത്രമല്ല മാനേജുമെന്റുകൾ ഫീസും ഈടാക്കുന്നുവെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ആ കാര്യത്തെപ്പറ്റി അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: പ്രത്യേകമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. എം. വി. രാഘവൻ: ഗ്രാന്റ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞു. ഈ കൊല്ലം കൊടുക്കേണ്ട ഗ്രാന്റ് കൊടുത്തു തീർത്തുവെന്നാണ് പറയുന്നത്. ഇന്ന് 27-ാം തീയതിയാണ്. 21-ാം തീയതിക്കിടയ്ക്ക് കൊടുത്ത് തീർക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. 31-ാം തീയതിക്കുള്ളിൽ കൊടുത്തുതീർക്കാൻ പറ്റിയില്ലെങ്കിൽ അതിനുശേഷം ഈ ഗ്രാന്റ് കൊടുക്കാൻ വല്ല വ്യവസ്ഥയും ഉണ്ടാക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: കഴിയുന്നതും വേഗം ഈ വർഷം തന്നെ കൊടുത്തുതീർക്കും.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഹരിജനങ്ങൾക്ക് ഹൗസിംഗ് ഗ്രാന്റായി കൊടുക്കുന്ന മൂവായിരം രൂപകൊണ്ട് ഹരിജനങ്ങൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ കഴിവില്ല. അതേയവസരത്തിൽതന്നെ ടെൻഡർ കൊടുക്കുമ്പോൾ ഭീമമായ നഷ്ടം സംഭവിക്കുന്നുവെന്നുള്ളത് പരിഗണിച്ച് ആ ഗ്രാന്റ് മുഴുവനായി അനുഭവിക്കുന്നതിനുവേണ്ടി കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ഹരിജനങ്ങൾക്ക് വീടുവയ്ക്കുന്നതിനുവേണ്ടി വിതരണംചെയ്യുന്ന ഗ്രാന്റിനുവേണ്ടി അപേക്ഷകരും വളരെയധികം വർദ്ധിച്ചിരിക്കുന്നതുകൊണ്ട് നറുക്കിട്ടാണ് എടുക്കുന്നതെന്നും അതുകൊണ്ട് യഥാർത്ഥത്തിൽ അർഹിക്കുന്നവർക്കുകിട്ടുന്നില്ലെന്നും ഭാഗ്യവാൻമാർക്കാണ് കിട്ടുന്നതെന്നുള്ളതും പരിഗണിച്ച് അതിൽ മാറ്റം വരുത്തിക്കൊണ്ട് ഇതേസംബന്ധിച്ച് കമ്മിറ്റി പരിശോധിച്ച് കൊടുക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: നമ്പർ ഓഫ് ആപ്ലിക്കേഷൻ കൂടുതൽ ലഭിച്ചതുകൊണ്ടു ചില കമ്മിറ്റികളുടെ തീരുമാനം അങ്ങനെ ഉണ്ടായിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് ഇങ്ങനെയുള്ള സംഭവം ഉണ്ടായിട്ടുള്ളത്.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: കാസർകോഡ് ഏരിയായിലുള്ള സ്കൂളിലെ കുട്ടികളുടെ ആകെ എണ്ണം 457 ആണ്. ഹരിജനങ്ങൾക്കെന്നും പറഞ്ഞ് അവിടെ 657 കുട്ടികൾക്കാണ് ഗ്രാന്റ് വിതരണം ചെയ്തിട്ടുള്ളത്. അതിൻമേൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ? അങ്ങനെ എത്ര സ്കൂളുകളിൽ കൊടുത്തിട്ടുണ്ടെന്നു് അന്വേഷണം നടത്തുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: പ്രത്യേക നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അർഹതയുള്ളവരുടെ ലിസ്റ്റ് നിയമപ്രകാരം തയ്യാറാക്കുന്നതിനുമുൻപ് ആർക്കൊക്കെ കൊടുക്കണമെന്നു നറുക്കിട്ട് എടുത്തു തീരുമാനിക്കുന്നത് കാശു മേടിച്ചിട്ട് കൊടുക്കാനാണ്. തോട്ടപ്പുഴ വനത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത് അതാണ്. അതു കൊണ്ട് അർഹതയുള്ളവരുടെ ലിസ്റ്റു നിയമപ്രകാരം തയ്യാറാക്കിയിട്ട് അതിൽനിന്നു നറുക്കിട്ട് കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. രാമോദരൻ കാളാശ്ശേരി: ഇപ്പോഴും നടക്കുന്നത് ശരിയായ നടപടിക്രമമനുസരിച്ചാണ്. ഫാമിലി പ്ലാന്റ് വിതരണത്തെ സംബന്ധിച്ചും മിച്ചഭൂമി വിതരണത്തെ സംബന്ധിച്ചും പ്രത്യേകം ചില നടപടിക്രമങ്ങളുണ്ട്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: നിലവിലുള്ള നിയമമനുസരിച്ച് ഈ സാമ്പത്തിക വർഷത്തിൽ ഇനി മൂന്നു നാലു ദിവസമേയുള്ളു. ഈ നാലു ദിവസത്തിനുള്ളിൽ കൊടുത്തില്ലെങ്കിൽ തുക സറണ്ടർ ചെയ്തു നഷ്ടപ്പെടും. ആ വസ്തുത കണക്കിലെടുത്തുകൊണ്ട് ഈ മൂന്നു നാലു ദിവസത്തിനുള്ളിൽ ഈ തുക കൊടുത്തുതീർക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. രാമോദരൻ കാളാശ്ശേരി: അതു നഷ്ടപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. സി. എ. കുര്യൻ: ഹരിജനങ്ങൾക്ക് വീടു വയ്ക്കാനുള്ള ഗ്രാന്റ് നൽകുന്നതിനെ സംബന്ധിച്ചിടത്തോളം ഇടുക്കി ജില്ലയിലെ ഹരിജനങ്ങൾ താമസിക്കുന്ന പല പ്രദേശങ്ങളിലും അവർ താമസിക്കുന്ന സ്ഥലത്തിന് പട്ടയമില്ലാത്തതുകൊണ്ട് ഗ്രാന്റ് വാങ്ങാൻ കഴിയുന്നില്ല. അതുകൊണ്ട് ഈ ഗ്രാന്റ് അവർക്കു നഷ്ടപ്പെടാതിരിക്കുന്നതിന് അവർ അവിടെ സ്ഥിരമായി താമസിച്ചുകൊണ്ടിരിക്കുകയാണെന്നു പഞ്ചായത്തു പ്രസിഡന്റോ എം.എൽ.എ.യോ സർട്ടിഫിക്കറ് കൊടുത്താൽ അതു സ്വീകരിച്ചുകൊണ്ട് ഗ്രാന്റ് നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. രാമോദരൻ കാളാശ്ശേരി: പട്ടയം കിട്ടാത്തതുകൊണ്ട് ധാരാളം അപേക്ഷകർക്ക് വീടിനും മറ്റും ഗ്രാന്റ് കൊടുക്കാൻ കഴിയാതെ വരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി എടുക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ഒ. ലൂക്കോസ്: വേനനിർമ്മാണത്തിന് ഗ്രാന്റിനുവേണ്ടി അപേക്ഷിക്കുന്ന ഹരിജനങ്ങളിൽ ഒരു ചെറിയ ശതമാനത്തിനാണ് ഓരോ വർഷവും ഗ്രാന്റ് ലഭിക്കുന്നത്. അവർ അപേക്ഷ പിന്നെയും ഓരോ വർഷവും കൊടുത്തുകൊണ്ടിരിക്കണം. ഒരു വർഷം അപേക്ഷ കൊടുത്തിട്ട് ഗ്രാന്റ് കിട്ടാത്ത ആളുകൾ പിറ്റേവർഷവും അപേക്ഷ കൊടുക്കേണ്ട, പഴയ അപേക്ഷ പരിഗണിച്ചാൽ മതി എന്നു നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. രാമോദരൻ കാളാശ്ശേരി: അതു നടക്കുന്ന കാര്യമല്ല. പിന്നെ വർഷം അവർ സാമ്പത്തികമായി ഉയരാവുന്നതാണ്. അതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly